**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3764** **27-10-2021 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനവുമായി ബന്ധപ്പെട്ട താല്ക്കാലിക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാരാണ് താല്ക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ നിലവിൽ 16 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർമാർ താൽക്കാലികമായി സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കാനുള്ള അടിസ്ഥാന യോഗ്യത എന്താണെന്നും പ്രസ്തുത ജീവനക്കാർക്ക് വേതനം നല്കുന്നതിനായി പ്രതിമാസം എത്ര തുകയാണ് ചെലവ് വരുന്നതെന്നും അറിയിക്കാമോ; | (സി) | പ്രസ്തുത തസ്തികയ്ക്കു വേണ്ട അടിസ്ഥാന യോഗ്യത ബി.ടെക് / എം.സി.എ / എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് ആണ്. ഐ റ്റി പ്രോജക്ടുകളിൽ 2 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. ഈ ജീവനക്കാർക്ക് വേതനം നല്കുന്നതിനായി പ്രതിമാസം 3,54,526/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) ചെലവ് വരുന്നുണ്ട്. |
| (ഡി) | നൂറ്റിഎഴുപത്തിയൊൻപത് ദിവസം പൂർത്തിയാക്കുന്ന പക്ഷം പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത ജീവനക്കാരെ ഒരു വർഷ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. നിലവിലെ കരാർ കാലാവധി 31.03.2022 ലാണ് അവസാനിക്കുന്നത്. അടുത്ത വർഷത്തെ കരാർ പുതുക്കുമ്പോൾ വാർഷിക പ്രകടന വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ 25% ജീവനക്കാരുടെ കരാർ കാലാവധി പുതുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന് മുന്നിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ